| | | |
|---|---|---|
| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | **5th August 2015** |


# കരട് വോട്ടർ പട്ടിക : പരിശോധനയും നേർവിചാരണയും ആഗസ്റ്റ് 10 – ന് പൂർത്തിയാക്കാൻ നിർദ്ദേശം

വരുന്ന തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള കരട് വോട്ടർ പട്ടികയിന്മേൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടേയും ആക്ഷേപങ്ങളുടേയും പരിശോധന നേർവിചാരണ എന്നിവ ആഗസ്റ്റ് 10-ന് പൂർത്തിയാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകി. ഇതോടനുബന്ധിച്ച് ഔദ്യോഗിക വെബ് സൈറ്റിലെ ഡാറ്റ അപ്‌ഡേഷനും പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ള വോട്ടർമാരെ മറ്റൊരു സ്ഥാപനത്തിലെ വോട്ടർ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തുമ്പോൾ നിലവിലുള്ള സ്ഥാപനത്തിൽ നിന്നും ആ വോട്ടർമാരെ ഒഴിവാക്കുന്നതിനുള്ള ഓൺലൈൻ നടപടികളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളണം. ഏതെങ്കിലും വാർഡിൽ നിന്ന് വോട്ടർമാരെ ഒഴിവാക്കുന്നതിന് അഞ്ചാം നമ്പർ ഫാറത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ നേരിൽ കേട്ടും, അന്വേഷണത്തിലൂടെയും ഉത്തമ ബോധ്യമുള്ള പക്ഷം മാത്രമേ കരട് വോട്ടർ പട്ടികയിൽ നിന്നും പേര് ഒഴിവാക്കാൻ പാടുള്ളൂവെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 33/2015)*